(എഫ്) കിർത്താഡ്സ് നടത്തിയ 21-4-1990-ലെ 705/84-ാം നമ്പർ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വേട്ടുവൻ, പുലയ വേട്ടുവൻ എന്നീ സമുദായങ്ങളെ പഴയ കൊച്ചി സംസ്ഥാനത്ത് മാത്രം പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്താൻ ശുപാർശ ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 14-6-1991 തീയതിയിലെ മന്ത്രിസഭാ തീരുമാനപ്രകാരം പട്ടികജാതി ലിസ്റ്റ് ഭേഭഗതി ചെയ്യാനുള്ള് ശുപാർശ കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തു.

(ജി) പട്ടികജാതി ലിസ്റ്റിൽ 'നേരിയൻ' എന്ന ഒരു സമുദായത്തെ മാത്രമാണ് പുതുതായി ഉൾപ്പെടുത്തിയിട്ടുള്ളത്. പട്ടികവർഗ്ഗ ലിസ്റ്റിൽ താഴെ കൊടുത്തിട്ടുള്ള എട്ട് സമുദായങ്ങളെ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

1. ചോലീ നായ്ക്കൻ
2. കരിംപാലൻ
3. മലപണിക്കർ
4. മലവേട്ടുവൻ
5. മാവിലൻ
6. തേൻകുറുമ്പൻ, ജേനുകുറുമ്പൻ
7. തച്ചനാടൻ, തച്ചനാടൻ മൂപ്പൻ
8. വേട്ടകുറുമൻ

പട്ടികജാതി-പട്ടികവർഗ്ഗ സംവരണം സംബന്ധിച്ച ഹൈക്കോടതി വിധി

134 (1026) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുമ്പോൾ നിയമപ്രകാരം അനുവദിച്ചിട്ടുള്ള 10 ശതമാനം പട്ടികജാതി-പട്ടികവർഗ്ഗ സംവരണം കവിയരുതെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ഉത്തരവിൻപ്രകാരമുള്ള നിയമനങ്ങൾക്ക് എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) ഉണ്ടെങ്കിൽ ഇതിനെതിരെ നിയമനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഇത് സംബന്ധിച്ച് ഇലക്ട്രിസിറ്റി ബോർഡുമായി ബന്ധപ്പെട്ട ചില കേസുകളിൽ സംവരണം 10% കവിയരുതെന്ന് ബഹു ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) ഹൈക്കോടതി വിധി നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു എന്ന് ഇലക്ട്രിസിറ്റി ബോർഡ് അറിയിച്ചിട്ടുണ്ട്.

ഹൈക്കോടതി ഉത്തരവിനെതിരെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നേടിയ രണ്ടുപേർ സുപ്രീം കോടതിയിൽ അപ്പീൽ സമർപ്പിച്ചിട്ടുണ്ടെന്നും ഈ അപ്പീലിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ ഒഴിവുകൾ നീക്കിവെച്ച സമയം 10% കവിഞ്ഞിട്ടില്ല എന്ന ബോർഡിന്റെ നിലപാട് സുപ്രീം കോടതിയിൽ സ്വീകരിക്കാൻ സ്റ്റാൻഡിംഗ് കൗൺസിലിന് നിർദ്ദേശം നൽകിയിട്ടുള്ളതായും ഇലക്ട്രിസിറ്റി ബോർഡ് അറിയിച്ചിട്ടുണ്ട്.

പട്ടികവിഭാഗ സമുദായങ്ങളുടെ ക്ഷേമത്തിനും പുരോഗതിക്കുമായി നടപ്പിലാക്കിവരുന്ന പദ്ധതികൾ

135 (1027) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികവിഭാഗ സമുദായങ്ങളുടെ ക്ഷേമത്തിനും പുരോഗതിക്കുമായി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) പുതുതായി ആവിഷ്ക്കരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത വിഭാഗം ജനങ്ങളുടെ ക്ഷേമത്തിനും പുരോഗതിക്കുമായി സർക്കാർ ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന പദ്ധതികളുടെ ആനുകൂല്യം യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) പട്ടിക സമുദായവിഭാഗങ്ങളുടെ ക്ഷേമത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ സമുദായങ്ങളുടെ ക്ഷേമത്തിനും പുരോഗതിക്കുമായി നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധം-I ൽ ചേർത്തിട്ടുണ്ട്.*

പട്ടികജാതിക്കാരുടെ ക്ഷേമത്തിനും പുരോഗതിക്കും വേണ്ടി നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധം - II ൽ ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly